പതിമൂന്നാം കേരള നിയമസഭ
<u>ഒൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3844

25.06.2013 - ലെ മറുപടിക്ക്

## വ്യവസായം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കാൻ നടപടി

ചോദ്യം

ശ്രീ. സണ്ണി ജോസഫ്
" ഹൈബി ഈഡൻ
" റ്റി.എൻ. പ്രതാപൻ
" സി.പി മുഹമ്മദ്

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് വ്യവസായം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ)& (ബി) : തീരുമാനിച്ചിട്ടുണ്ട്. വ്യവസായ ആവശ്യങ്ങൾക്ക് അനുവദിച്ച ഭൂമി ഉപയോഗശൂന്യമായിരിക്കുന്നത് തടയുവാനും ഈ ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താനും, ആവശ്യമുള്ള വ്യവസായികൾക്ക് സ്ഥലം ലഭ്യമാക്കാനുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം ; | |
| (സി) എത്ര ഏക്കർ ഭൂമിയാണ് കമ്പനികളിൽ നിന്ന് ഇങ്ങനെ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) : വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) : ഭൂമി അനുവദിച്ച് ആറു മാസത്തിനകം യൂണിറ്റ് പ്രവർത്തന സജ്ജമാകാത്ത വ്യവസായികൾക്ക് നിയമപ്രകാരം നോട്ടീസ് നൽകി ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ